A

# സമഗ്ര ശിക്ഷ, കേരളം

905

## വാർഷിക മൂല്യനിർണയം - 2018 - 19

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : IX

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 7 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. ചുവടെ തന്നിട്ടുള്ള ചക്രവർത്തിമാരിൽ ആരാണ് 'കോർപ്പസ് ജൂറിസ് സിവിൽസ്' എന്ന പേരിൽ നിയമസംഹിത ക്രോഡീകരിച്ചത്? (1)

   (കോൺസ്റ്റന്റൈൻ, ജസ്റ്റീനിയൻ, ഷാലമീൻ, പോപ്പ് ലിയോ മൂന്നാമൻ)

2. ശരിയായ പ്രസ്താവന തിരഞ്ഞെടുത്തെഴുതുക. (1)

   (എ) വിയോജകസീമകൾ ഭ്രംശമേഖലകളാണ്.

   (ബി) സംയോജകസീമകൾ ഭ്രംശമേഖലകളാണ്.

   (സി) ഛേദകസീമകൾ ഭ്രംശമേഖലകളാണ്.

   (ഡി) വിയോജകസീമകളും സംയോജകസീമകളും ഭ്രംശമേഖലകളാണ്.

3. മധ്യകാലഘട്ടത്തിൽ ചൈനയെയും യൂറോപ്പിനെയും ബന്ധിപ്പിച്ചിരുന്ന കരമാർഗമുള്ള വാണിജ്യപാത ഏതുപേരിൽ അറിയപ്പെട്ടിരുന്നു? (1)

4. 'ബാദ്ഷാ-ഇ-ഹിന്ദ്' എന്ന സ്ഥാനം സ്വീകരിച്ചത് ഏത് മുഗൾ ചക്രവർത്തിയാണ്? (1)

5. ചുവടെ നൽകിയിരിക്കുന്ന ഭൂരൂപ രൂപീകരണ സഹായികൾ (geomorphic agents) മൂലം രൂപംകൊള്ളുന്ന ഭൂരൂപങ്ങൾ ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. (1)

   (എ) കാറ്റ് (ബി) ഹിമാനി

   ('V' രൂപതാഴ്വരകൾ, 'U' രൂപതാഴ്വരകൾ, കൂൺശിലകൾ, പ്രളയസമതലം)

6. ദസ്വന്ത് ചിത്രരൂപത്തിൽ തയാറാക്കിയ മഹാഭാരതകഥ ഏത് പേരിൽ അറിയപ്പെടുന്നു? (1)

7. താഴ്ന്ന വിതാനങ്ങളിൽ കനത്ത പാളികളായി കാണപ്പെടുന്ന മേഘങ്ങൾ. (1)

   (എ) സിറസ് മേഘങ്ങൾ (ബി) സ്ട്രാറ്റസ് മേഘങ്ങൾ


   (സി) ക്യുമുലസ് മേഘങ്ങൾ (ഡി) നിംബസ് മേഘങ്ങൾ

**8 മുതൽ 14 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക** **(7 x 2 = 14)**

8. ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് ഉറപ്പുനൽകുന്ന അവകാശങ്ങൾ എന്തെല്ലാം?

9. ഉൽപ്പാദനരീതി ഉപയോഗപ്പെടുത്തി ദേശീയവരുമാനം കണക്കാക്കുന്നതെങ്ങനെ? ഈ രീതിയുടെ മേന്മയെന്ത്?

10. ചുവടെ നൽകിയിരിക്കുന്ന ഫ്ളോചാർട്ട് ഉചിതമായി പൂർത്തിയാക്കുക.




11. ദേശീയവരുമാനം കണക്കാക്കുന്നതിന്റെ രണ്ട് ലക്ഷ്യങ്ങൾ എഴുതുക.

12. ഭക്തിപ്രസ്ഥാനവുമായി ബന്ധപ്പെട്ട ചില വനിതകളുടെ പേരുകൾ നൽകിയിരിക്കുന്നു. അവരുടെ പ്രവർത്തനമേഖല ഉൾപ്പെട്ടിരുന്ന സംസ്ഥാനങ്ങൾ കണ്ടെത്തി എഴുതുക.

| | |
|---|---|
| മീരാഭായ് | രാജസ്ഥാൻ |
| ലാൽദേദ് | (എ) ...................... |
| ഭഹിനാഭായ് | (ബി) ...................... |

13. ഒരു രാജ്യം സാമ്പത്തിക വികസനം നേടി എന്നു കണ്ടെത്തുന്നതിന് ഏതൊക്കെ കാര്യങ്ങളാണ് നിരീക്ഷിക്കേണ്ടത്?

14. ചേരിക്കൽ, ബ്രഹ്മസ്വം ഭൂമികൾ തമ്മിലുള്ള വ്യത്യാസം എഴുതുക.

**15 മുതൽ 22 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

**(8 x 3 = 24)**

15. ശാസ്ത്രീയമായ ഭൂവിനിയോഗരീതിക്ക് മൂന്ന് ഉദാഹരണങ്ങൾ എഴുതുക.

16. ലോകവ്യാപാര സംഘടനയിലൂടെ രൂപപ്പെട്ട സ്വതന്ത്ര വ്യാപാരകരാറിലെ ഏതെങ്കിലും മൂന്ന് പ്രധാന നിർദ്ദേശങ്ങൾ എഴുതുക.

17. ഏതൊക്കെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഒരു വാസസ്ഥലത്തിന് നഗരപദവി നൽകുന്നത്?

18. ഇന്ത്യയിൽ നിലനിൽക്കുന്ന ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

19. മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിലെ കാർഷിക പുരോഗതിയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

20. സമുദ്രജല ലവണത്വത്തിന്റെ ഏറ്റക്കുറച്ചിലിന് കാരണമാകുന്ന ഘടകങ്ങൾ എന്തെല്ലാം?

21. ഏത് ദിവസമാണ് ലോകവൃദ്ധദിനമായി ആചരിക്കുന്നത്? വൃദ്ധജനങ്ങളുടെ അനാഥത്വത്തിന് വഴിയൊരുക്കുന്ന രണ്ട് കാരണങ്ങൾ എഴുതുക.

22. തരിസാപ്പള്ളി ചെപ്പേടിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**23 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം (6 x 4 = 24)**

23. ജനസംഖ്യാ വളർച്ച എന്നാലെന്ത്? ജനസംഖ്യാ മാറ്റത്തിനുള്ള കാരണങ്ങൾ എന്തെല്ലാം?

24. മധ്യകാല കേരളത്തിലെ ദൂരദേശ കച്ചവടത്തെക്കുറിച്ച് ഒരു കുറിപ്പു തയാറാക്കുക.

25. ഉരുൾപൊട്ടൽ ഉണ്ടാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

26. ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യം വ്യക്തമാക്കുക.

27. മിശ്രസമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?

28. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതെങ്കിലും നാലു ചുമതലകൾ എഴുതുക.

29. ചെറുപ്രായത്തിൽതന്നെ കുട്ടികൾ കുറ്റവാളികളായിത്തീരാനുള്ള കാരണങ്ങൾ എന്തെല്ലാം?

30. കുടിയേറ്റത്തിന് അതിന്റേതായ മേന്മകളുണ്ട്. സമർത്ഥിക്കുക.

**31 (എ), (ബി) ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1 x 5 = 5)**

31. (എ) ഭൂകമ്പ ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമായി അനുവർത്തിക്കേണ്ട നടപടികൾ എന്തെല്ലാം?

**അല്ലെങ്കിൽ**

(ബി) ദുരന്തനിവാരണത്തിനുള്ള സർക്കാർ സംവിധാനങ്ങളെക്കുറിച്ച് ഒരു വിവരണം തയാറാക്കുക.

**32 (എ), (ബി) ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1 x 6 = 6)**

32. (എ) മധ്യകാല കേരളത്തിൽ രൂപംകൊണ്ട വ്യത്യസ്ത തൊഴിൽക്കൂട്ടങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

(ബി)മധ്യകാല കേരളത്തിലെ സാമൂഹിക നിയന്ത്രണങ്ങളെക്കുറിച്ച് ഒരു വിവരണം തയാറാക്കുക.

exam WiNNER ®